LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം 30990.95 കോടി രൂപയായിരുന്നു. 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വരുമാനം 77427.20 കോടി രൂപയാണ്. 2010-11-ലെ വരുമാനത്തിന്റെ 150% വർദ്ധനവ് 2015-16-ൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 2014-15-ൽ 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെക്കാൾ 87% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനും പെൻഷനുമായി 2010-11 വർഷത്തിൽ ചെലവായിരുന്ന ആകെ തുക 16835.87 കോടി രൂപയാണ്. 2014-15 ൽ ഇത് 32683.79 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2010-11 കാലയളവിനെ അപേക്ഷിച്ച് 2014-15 ൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനും പെൻഷനുമായി ചെലവഴിച്ച തുകയിൽ 94% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16-ൽ 2010-11-നെ അപേക്ഷിച്ച് 137% വർദ്ധനവ് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തിന്റെ ധനസ്ഥിതി

114 (120) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ഇപ്പോൾ കടക്കെണിയിലാണോ ; സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം വിശദമാക്കാൻ തയ്യാറാകുമോ ; നിത്യചെലവുകൾ നിർവ്വഹിക്കാൻ പോലും കഴിയാത്ത അവസ്ഥയിലേക്ക് സംസ്ഥാനത്തിന്റെ ധനസ്ഥിതി എത്തിച്ചേർന്നിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനം എത്ര കോടി രൂപയുടെ കടം എടുക്കുകയുണ്ടായി ; കടബാധ്യതകൾ എത്ര കോടിയിൽ നിന്ന് എത്ര കോടിയായി ഉയരുകയുണ്ടായി ;

(സി) റവന്യൂ വരവിൽ ഉണ്ടായ കുറവിന് പ്രധാനമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു ; റവന്യൂ ചെലവ് കുറയ്ക്കുന്നതിന് മന്ത്രിമാരുടെ എണ്ണം കുറയ്ക്കുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി ;

(ഡി) പണം ദുർവ്യയംചെയ്ത് റവന്യൂ കമ്മിയും ധനകമ്മിയും വർദ്ധിപ്പിച്ച് അധിക ബാധ്യത ഉണ്ടാക്കുകയുണ്ടായോ ;വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനം നിലവിൽ കടക്കെണിയിലല്ല. അനുവദനീയമായ വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമാണ് സംസ്ഥാനം കടമെടുക്കുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 31893.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26263.79 കോടി രൂപയെക്കാൾ 21.4 % കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 34487.76 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 33040.77 കോടി രൂപയേക്കാൾ 4.3% കൂടുതലാണ്. 2015 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2856.75 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 26-11-2015- ൽ ട്രഷറി ബില്ലുകളിലായി 1389.69 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ 31-3-2015 വരെ സംസ്ഥാനം 56767 കോടി രൂപ കടമെടുത്തിട്ടുണ്ട്. 31-3-2011-ലെ കടബാദ്ധ്യതയായ 78673.24 കോടി രൂപയിൽ നിന്നും സംസ്ഥാനത്തിന്റെ പൊതുകടം 31-3-2015 വരെ 135440.24 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(സി) റവന്യൂ വരവിൽ കുറവ് ഉണ്ടയിട്ടില്ല. എന്നാൽ റവന്യൂ വരവിന്റെ വളർച്ച നിരക്കിൽ പ്രതീക്ഷിച്ച വർദ്ധന കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 31893.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26263.79 കോടി രൂപയെക്കാൾ 21.4% കൂടുതലാണ്.

റവന്യൂ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി നിരവധി ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്തിയിട്ടുണ്ട്. വിവിധ ഓഫീസ് ചെലവുകൾ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) റവന്യൂ കമ്മിയും ധനക്കമ്മിയും ധനഉത്തരവാദിത്ത നിയമത്തിൽ ലക്ഷ്യമിട്ട പരിധിക്കുള്ളിൽ നിർത്താൻ സാധിച്ചിട്ടില്ലെങ്കിലും നിയന്ത്രണ വിധേയമാണ്. 2014-15 ലെ താത്കാലിക കണക്കുകൾ പ്രകാരം റവന്യൂ കമ്മി 2.78 ശതമാനവും ധനക്കമ്മി 3.75 ശതമാനവുമാണ്. ധനഉത്തരവാദിത്ത നിയമപ്രകാരം ഇവ യഥാക്രമം 0%, 3% എന്നീ പരിധികളിലേയ്ക്ക് കുറയ്ക്കേണ്ടതായിരുന്നു. എന്നാൽ കടബാദ്ധ്യത 2014-15 ജി.എസ്.ഡി.പി.യുടെ 29.80 ശതമാനം ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 27.26 ശതമാനത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

115 (121) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് ലഭിച്ചിട്ടുണ്ട് ; ഏതെല്ലാം പദ്ധതികളാണ് ലഭിച്ചതെന്നും ആയതിന് എത്ര തുക വീതം ലഭിച്ചുവെന്നുമുള്ള വിവരം നൽകുമോ ;

(ബി) 2015 നവംബർ 1 വരെ ആയതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ പദ്ധതികൾ കേന്ദ്രം കേരളത്തിന് നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി അനുവദിച്ച 23 കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം (എ) ആയി നൽകുന്നു.*

(ബി) 2015 നവംബർ 1 വരെ ആയതിന്റെ എക്സ്പെൻഡീച്ചർ സ്റ്റേറ്റുമെന്റ് അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടില്ല.

(ഡി) പുതിയ പദ്ധതികൾ കേരളത്തിന് നിഷേധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly